**"ഭരണഭാഷ- മാതൃഭാഷ"**

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

മത്സ്യബന്ധന തുറമുഖ വകുപ്പ് - വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖ പദ്ധതിയുടെ നഷ്ടപരിഹാരവുമായി ബന്ധപ്പെട്ട് കരമടി ഉപകരണങ്ങളിൽ ഉടമസ്ഥാവകാശം തെളിയിക്കാൻ കഴിഞ്ഞിട്ടില്ലാത്ത ശേഷിക്കുന്ന 29 എഞ്ചിനുകൾക്ക് നഷ്ടപരിഹാരം - ഫണ്ട് റിലീസ് ചെയ്ത്- ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**മത്സ്യബന്ധന തുറമുഖ (ഇ) വകുപ്പ്**

സ.ഉ.(സാധാ) നം.35/2026/F&P തീയതി,തിരുവനന്തപുരം, 13-01-2026

---

പരാമർശം:-

1. 10-01-2019-തീയതിയിലെ സ.ഉ.(സാധാ)നം.20/2019/മ.തു.വ.
2. ഫിഷറീസ് ഡയറക്ടറുടെ 18-03-2025-ാം തീയതിയിലെ DFTVM/2842/2024-S4PIU നം. കത്ത്.
3. വിഴിഞ്ഞം ഇന്റർനാഷണൽ സീപോർട്ട് ലിമിറ്റഡ് മാനേജിംഗ് ഡയറക്ടറുടെ 28-05-2025-ാം തീയതിയിലെ VISL/45/2024-GM1(E)/173, 17-07-2025-ാം തീയതയിലെ VISL/45/2024-GM1(E)/355 നം. കത്ത്.
4. ഫിഷറീസ് ഡയറക്ടറുടെ 16-07-2025-ാം തീയതിയിലെ DFTVM/2842/2024-S4PIU നം. കത്ത്.
5. 07-11-2025-ാം തീയതിയിലെ സ.ഉ. (സാധാ) നം. 470/2025/P&EA
6. 07-12-2025-ാം തീയതിയിലെ G.O.(Rt) No. 9853/2025/Fin.

**<u>ഉത്തരവ്</u>**

വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖ പദ്ധതിയുമായി ബന്ധപ്പെട്ട് അടിമലത്തുറ മേഖലയിലെ 18 കരമടി ഉടമകൾക്ക് നഷ്ടപരിഹാരം അനുവദിക്കുന്നതിനായി പരാമർശം 1 — ലെ ഉത്തരവ് പ്രകാരം അനുമതി നല്കി ഉത്തരവായിരുന്നു.

2. അടിമലത്തുറ മത്സ്യഗ്രാമത്തിലെ കരമടി ഉടമസ്ഥർക്ക് നഷ്ടപരിഹാരം വിതരണം ചെയ്യുന്നതിന് മുന്നോടിയായി പ്രസ്തുത സർക്കാർ ഉത്തരവിലെ നിബന്ധനകൾ പ്രകാരം കരമടി ഉപകരണങ്ങൾ മഹസ്സർ തയ്യാറാക്കി ഏറ്റെടുക്കുകയും കരമടി ഉപകരണങ്ങളിൽ ഉടമസ്ഥാവകാശം തെളിയിക്കാൻ കഴിഞ്ഞിട്ടില്ലാത്ത എഞ്ചിനുകൾ ഒഴികെയുള്ള ഉപകരണങ്ങൾക്ക് ഫിഷറീസ് ഉദ്യോഗസ്ഥർ തയ്യാറാക്കിയ വാല്യുവേഷൻ പ്രകാരമുള്ള നഷ്ടപരിഹാരം വിതരണം ചെയ്യുകയും തുടർന്ന് എഞ്ചിനുകൾ ഒഴികെയുള്ള ഉപകരണങ്ങൾ സർക്കാർ നിർദ്ദേശ പ്രകാരം വിഴിഞ്ഞം ഇന്റർനാഷണൽ സീപോർട്ട് ലിമിറ്റഡ് മുഖേന ലേലം ചെയ്യുകയും ചെയ്തിരുന്നതായി പരാമർശം 1 പ്രകാരം ഫിഷറീസ് ഡെപ്യൂട്ടി ഡയറക്ടർ റിപ്പോർട്ട് ചെയ്തിരുന്നു. ഉടമസ്ഥാവകാശം തെളിയിക്കാൻ കഴിഞ്ഞിട്ടില്ലാത്ത എഞ്ചിനുകളിന്മേൽ 1 മാസത്തിനകം ഉടമസ്ഥാവകാശം തെളിയിക്കാൻ ആവശ്യമായ രേഖകൾ ഹാജരാക്കാൻ ആവശ്യപ്പെട്ടുകൊണ്ട് പ്രസ്തുത ഗുണഭോക്താക്കൾക്ക് വിഴിഞ്ഞം ഇന്റർനാഷണൽ സീപോർട്ട് ലിമിറ്റഡ് കത്ത് നൽകുകയും രേഖകൾ ഹാജരാക്കാൻ കഴിയാത്ത

എഞ്ചിനുകൾ കെ.എഫ്.സി. പ്രകാരം ഡിസ്പോസ് ചെയ്യുവാനും തിരുവനന്തപുരം ജില്ലാ കളക്ടറുടെ അദ്ധ്യക്ഷതയിൽ ചേർന്ന ഉപജീവനാഘാത നിർണയ സമിതി അപ്പീൽ കമ്മിറ്റിയുടെ 28-09-2019-ാം തീയതി ചേർന്ന യോഗതീരുമാനപ്രകാരം VISL നോട് നിർദ്ദേശിച്ചിരുന്നു. ഇതിന്റെ അടിസ്ഥാനത്തിൽ VISL ഗുണഭോക്താക്കൾക്ക് കത്ത് നൽകിയെങ്കിലും ആരും തന്നെ രേഖകൾ ഹാജരാക്കിയിരുന്നില്ലെന്നും, തുടർന്ന്, ഫിഷറീസ് അസിസ്റ്റന്റ് ഡയറക്ടറുടെ കാര്യാലയം മുഖേന ടി എഞ്ചിനുകളുടെ രജിസ്ട്രേഷൻ റദ്ദാക്കുകയും എഞ്ചിനുകൾ VISL ലേലം ചെയ്ത് മുതൽക്കൂട്ടുകയുമുണ്ടായി.

3. മഹസ്സർ തയ്യാറാക്കി ഏറ്റെടുത്ത എഞ്ചിന്റെ ഉടമസ്ഥത സംബന്ധിച്ച രേഖകളുടെ അഭാവത്തിൽ നഷ്ടപരിഹാരം നല്കാൻ കഴിയാത്ത സാഹചര്യമുള്ളതിനാൽ ഫിഷറീസ് വകുപ്പ് തയ്യാറാക്കിയ assessed വിലയും scrap ഇനത്തിൽ ലഭിച്ച വിലയും തമ്മിൽ അന്തരമുള്ളതിനാലും മഹസ്സറിൽ രേഖപ്പെടുത്തിയവരാണ് യഥാർത്ഥ ഉടമകളെന്ന് തെളിയിക്കപ്പെടാൻ കഴിയാത്ത സാഹചര്യമുള്ളതിനാലും, സങ്കീർണ്ണമായ സാഹചര്യങ്ങൾ നിലനിൽക്കുന്നതിനാൽ ഫിഷറീസ് വകുപ്പിന്റെ തന്നെ ലാ ഓഫീസറുടെ നിയമോപദേശം തേടാനും ആയതിലേയ്ക്കായി ആവശ്യമായ വിശദവിവരങ്ങൾ നിയമോപദേശം ലഭ്യമാക്കുന്നതിലേയ്ക്ക് ഫിഷറീസ് വകുപ്പിന് VISL സമർപ്പിക്കുവാനും 06-08-2024-ാം തീയതിയിൽ തിരുവനന്തപുരം ജില്ലാ കളക്ടറുടെ അദ്ധ്യക്ഷതയിൽ ചേർന്ന AC LIAC യോഗത്തിൽ തീരുമാനിച്ചിരുന്നു.

4. ഉടമസ്ഥാവകാശ രേഖകൾ ഇല്ലാത്ത 34 എഞ്ചിനുകളിൽ ഉടമസ്ഥാവകാശം തെളിയിക്കുന്ന രേഖകൾ ഹാജരാക്കിയ 5 എഞ്ചിനുകൾക്ക് ഫിഷറീസ് ഡയറക്ടറുടെ വാല്യുഷൻ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ, നഷ്ടപരിഹാരം നല്കിയിരുന്നതായും ശേഷിക്കുന്ന 29 എഞ്ചിനുകളുടെ ഉടമകൾക്ക് നഷ്ടപരിഹാരം അനുവദിക്കുന്നതിനുള്ള ഉത്തരവിനും നഷ്ടപരിഹാരം അനുവദിക്കുന്ന പക്ഷം ഫിഷറീസ് വകുപ്പ് തയ്യാറാക്കിയ assessed value ആണോ Scrap Value അനുവദിക്കേണ്ടതായി വരിക എന്നത് സംബന്ധിച്ചുള്ള വ്യക്തതയും ലഭിക്കുവാനായി വിഴിഞ്ഞം ഇന്റർനാഷണൽ സീപോർട്ട് ലിമിറ്റഡ് പരാമർശം 3 — ലെ 28-05-2025 -ാം തീയതിയിലെ കത്ത് പ്രകാരം അഭ്യർത്ഥിച്ചിട്ടുണ്ട്.

5. വിഴിഞ്ഞം ഇന്റർനാഷണൽ സീപോർട്ട് ലിമിറ്റഡ് മാനേജിംഗ് ഡയറക്ടർ സമർപ്പിച്ച ശേഷിക്കുന്ന 29 എഞ്ചിനുകളുടെ ഉടമസ്ഥർക്ക് ഫിഷറീസ് വകുപ്പ് തയ്യാറാക്കിയ assessed value വും, Scrap Value വും അനുവദിക്കുന്ന പക്ഷം നല്കേണ്ടി വരുന്ന തുകയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു:

| Sl No | Name | Aadhar No | Engine No. | Cost assessed by Fisheries |
|---|---|---|---|---|
| 1 | Joosa S/o Peter | 9796-5249-7472 | 512216 | Rs.30000/- |
| | | | 251123 | Rs.30000/- |
| 2 | Peter P S/o Paulose | 2858-7565-4111 | NA | Rs.20000/- |
| | | | 880482 | Rs.30000/- |
| 3 | Peter S/o Jnanaprakasham | 3887-2978-7440 | 510870 | Rs.30000/- |
| 4 | Raju S/o Pathrose | 4899-1064-8723 | 582311 | Rs.30000/- |
| | | | 510503 | Rs.30000/- |
| 5 | Alphonse lazer S/o Alphones | 9159-8621-6188 | 461267 | Rs.30000/- |
| 6 | Domini B S/o Bensalas | 3810-3402-4850 | 584204 | Rs.30000/- |
| 7 | Bernad S/o Mikhael | 8738-9678-6840 | 031295 | Rs.30000/- |
| | | | 511473 | Rs.30000/- |
| 8 | Vincent C. S/o Chinnappan | 3549-7813-7645 | 583620 | Rs.30000/- |
| | | | 651661 | Rs.30000/- |
| 9 | Shaju A. S/o Arogyam | 9002-9908-8922 | 510417 | Rs.30000/- |
| 10 | Thomas S/o Pushpadasan | 3461-1187-4112 | NA | Rs.30000/- |
| | | | 211711 | Rs.30000/- |
| 11 | Fredy S/o Pushpadasan | 8624-9978-7672 | 751880 | Rs.20000/- |
| 12 | Martin S/o Lawerance | 4015-0203-6470 | 584202 | Rs.30000/- |

| | | | | |
|---|---|---|---|---|
| [illegible] | [illegible] | [illegible] | 60523 | Rs.30000/- |
| 13 | Jose J S/o Jeron | 8896-3433-5372 | 312422 | Rs.30000/- |
| 14 | Titus S/o Thiyons | 2614-2805-0143 | 584075 | Rs.30000/- |
| | | | NA | Rs.20000/- |
| 15 | Ambrose S/o Antony | 4604-9642-3622 | 213394 | Rs.55000/- |
| | | | 210802 | Rs.30000/- |
| 16 | Shimon S/o Joosa | 2530-8905-3946 | 10037 | Rs.30000/- |
| 17 | Francis S/o Joseph | 7104-4044-4008 | 421834 | Rs.20000/- |
| | | | NA | Rs.20000/- |
| 18 | Wilfred S/o Joseph | 4322-0360-8589 | 880332 | Rs.30000/- |
| | | | 583040 | Rs.30000/- |
| | **Total** | | | **Rs.8,45,000/-** |

ഫിഷറീസ് വകുപ്പ് തയ്യാറാക്കിയ assessed value per engine - Rs. 20,000/- മുതൽ 50,000/- വരെയുണ്ട്. Total - Rs. 8,45,000/-

Scrap Value - Rs. 3,000/- per engine. Total - Rs. 84,000/-

Auctioned Cost (ലഭിച്ച തുക) - Rs. 3,110/- per engine. Total - Rs. 90,190/-

ഫിഷറീസ് വകുപ്പ് തയ്യാറാക്കിയ assessed value പ്രകാരം 29 എഞ്ചിനുകൾ Rs. 8,45,000/- ആവശ്യമാണെന്നും പരാമർശം 3-ലെ 17-07-2025-ാം തീയതിയിലെ കത്ത് പ്രകാരം വിഴിഞ്ഞം തുറമുഖ കമ്പനി എം.ഡി. റിപ്പോർട്ട് ചെയ്തിരുന്നു.

5. പരാമർശം 5 — ലെ ഉത്തരവ് പ്രകാരം വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖ പദ്ധതിയുടെ നഷ്ടപരിഹാരവുമായി ബന്ധപ്പെട്ട് കരമടി ഉപകരണങ്ങളിൽ ഉടമസ്ഥാവകാശം തെളിയിക്കാൻ കഴിഞ്ഞിട്ടില്ലാത്ത ശേഷിക്കുന്ന 29 എഞ്ചിനുകൾക്ക് ഫിഷറീസ് വകുപ്പ് തയ്യാറാക്കിയ assessed value ആയ 8,45,000/- രൂപ അനുവദിച്ചുകൊണ്ട് ഉത്തരവായിട്ടുണ്ട്.

6. പരാമർശം 6 — ലെ ഉത്തരവ് പ്രകാരം വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖ പദ്ധതിയുടെ നഷ്ടപരിഹാരവുമായി ബന്ധപ്പെട്ട് കരമടി ഉപകരണങ്ങളിൽ ഉടമസ്ഥാവകാശം തെളിയിക്കാൻ കഴിഞ്ഞിട്ടില്ലാത്ത ശേഷിക്കുന്ന 29 എഞ്ചിനുകൾക്ക് ഫിഷറീസ് വകുപ്പ് തയ്യാറാക്കിയ assessed value ആയ 8,45,000/- രൂപ നിബന്ധനകൾക്ക് വിധേയമായി അധിക ധനവിനിയോഗമായി അനുവദിച്ച് ഉത്തരവായിട്ടുണ്ട്.

7. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖ പദ്ധതിയുടെ നഷ്ടപരിഹാരവുമായി ബന്ധപ്പെട്ട് കരമടി ഉപകരണങ്ങളിൽ ഉടമസ്ഥാവകാശം തെളിയിക്കാൻ കഴിഞ്ഞിട്ടില്ലാത്ത ശേഷിക്കുന്ന 29 എഞ്ചിനുകൾക്ക് ഫിഷറീസ് വകുപ്പ് തയ്യാറാക്കിയ assessed value പ്രകാരം 8,45,000/- രൂപ (എട്ട് ലക്ഷത്തി നാല്പത്തി അയ്യായിരം രൂപ മാത്രം) താഴെ പറയുന്ന വ്യവസ്ഥകൾക്ക് വിധേയമായി വിഴിഞ്ഞം ഇന്റർനാഷണൽ സീപോർട്ട് ലിമിറ്റഡിന്റെ 5051-01-001-99-00-00-00-PV എന്ന ശീർഷകത്തിൽ അനുവദിച്ച് ഉത്തരവാകുന്നു.

<u>ഫണ്ട് റിലീസ് ചെയ്യുന്നതിനുള്ള വ്യവസ്ഥകൾ</u>

i) ഫണ്ടുകൾ ബാങ്കുകളിലോ മറ്റ് ധനകാര്യ സ്ഥാപനങ്ങളിലോ പാർക്ക് ചെയ്യാൻ പാടുള്ളതല്ല.

ii) അനുവദിച്ച ഫണ്ടുകൾ അവ അനുവദിച്ചിരിക്കുന്ന പ്രത്യേക ആവശ്യത്തിലേയ്ക്കായി മാത്രമേ വിനിയോഗിക്കാവൂ; മറ്റ് ആവശ്യങ്ങൾക്കായി വകമാറ്റി ചിലവഴിക്കാൻ പാടുള്ളതല്ല.

iii) അടുത്ത ഘട്ട ഫണ്ട് റിലീസിനായി സമർപ്പിക്കുന്ന അപേക്ഷയോടൊപ്പം, 09-01-2020-ാം തീയതി GO(Ms) No.4/2020/FIN Fin പ്രകാരം നിർദ്ദിഷ്ട പ്രഫോർമയിൽ component wise expenditure statement ഉൾപ്പെടുത്തി വിനിയോഗ സർട്ടിഫിക്കറ്റ് (Utilization Certificate) സഹിതം

സമർപ്പിക്കേണ്ടതാണ്.

iv) Circular No. 84/2008/Fin തീയതി 09/12/2008, Circular No. 75/2009/Fin തീയതി 29/08/2009, Circular No. 08/2018/Fin തീയതി 30/01/2018, Circular No. 01/2021/Fin തീയതി 04/01/2021 എന്നിവയിൽ പുറപ്പെടുവിച്ചിട്ടുള്ള നിർദ്ദേശങ്ങൾ കർശനമായി പാലിക്കേണ്ടതാണ്.

8. നടപ്പ് സാമ്പത്തിക വർഷം അവസാനിക്കുന്നതിന് മുന്നോടിയായി അനുവദിച്ച തുക പുനർവിനിയോഗം അല്ലെങ്കിൽ അധിക ധനാഭ്യർത്ഥന മുഖേന അധിക ചെലവ് ക്രമീകരിക്കുന്നതിനാവശ്യമായ ശിപാർശ വിഴിഞ്ഞം ഇന്റർനാഷണൽ സീപോർട്ട് ലിമിറ്റഡിന്റെ മാനേജിംഗ് ഡയറക്ടർ സമയബന്ധിതമായി സമർപ്പിക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
PRASANTHA V K
ജോയിന്റ് സെക്രട്ടറി

മാനേജിംഗ് ഡയറക്ടർ, വിഴിഞ്ഞം ഇന്റർനാഷണൽ സീപോർട്ട് ലിമിറ്റഡ്
ഡയറക്ടർ, ഫിഷറീസ് വകുപ്പ്
ജില്ലാ കളക്ടർ, തിരുവനന്തപുരം.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്), കേരള, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (എ & ഇ), കേരള തിരുവനന്തപുരം
ആസൂത്രണ സാമ്പത്തികകാര്യ (എ) വകുപ്പ് (13-11-2025-ാം തീയതിയിലെ PLGEA-A2/172/2025-PLGEA നം. ഫയൽ പ്രകാരം)
ധനകാര്യവകുപ്പ് (10-12-2025-ാം തീയതിയിലെ 3253451/PU-B3/80/2025-FIN നം ഫയൽ നമ്പർ പ്രകാരം)
ഇൻഫർമേഷൻ ഓഫീസർ;ഐ&പി ആർ ഡി, വെബ് & ന്യൂമീഡിയ (സർക്കാർ വെബ്സൈറ്റിൽ പ്രസിദ്ധീകരിന്നതിന് )
കരുതൽ ഫയൽ / ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം
Signed by
Shajish P
Date: 13-01-2026 17:02:03
സെക്ഷൻ ഓഫീസർ